I ഇ.ബി. XV - കേരള നിയമസഭ/VIII-6

## പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2023 ഫെബ്രുവരി 7, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. അടിയന്തരപ്രമേയം

വെള്ളക്കരം വർദ്ധന

മി. സ്പീക്കർ: സംസ്ഥാനത്തെ വെള്ളക്കരം യൂണിറ്റിന് മൂന്നിരട്ടിയോളം വർദ്ധിപ്പിച്ച സർക്കാർ നടപടിമൂലം സാധാരണ ജനങ്ങൾക്കുണ്ടായിരിക്കുന്ന ബുദ്ധിമുട്ട് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എം. വിൻസെന്റ്, മഞ്ഞളാംകുഴി അലി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>): ജലവിതരണരംഗം കാര്യക്ഷമമാക്കുന്നതിനും ഗ്രാമീണ കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിനും ഇച്ഛാശക്തിയോടെയുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. നിലവിലുണ്ടായിരുന്ന ജലവിതരണ സംവിധാനം ശാക്തീകരിച്ചുകൊണ്ട് പുതിയ കണക്ഷനുകൾ കൊടുത്തതും വാട്ടർ ട്രീറ്റ്മെന്റിനുവേണ്ടിയുള്ള രാസപദാർത്ഥങ്ങളുടെ വിലവർദ്ധനവും വെള്ളക്കരം വർദ്ധന അനിവാര്യമാക്കിയെങ്കിലും ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ പരമാവധി ശ്രദ്ധിച്ചിട്ടുണ്ട്. ഈ വർദ്ധനവിനെ നഖശിഖാന്തം എതിർക്കാതെ കരുതലായി കണ്ട് ഗവൺമെന്റിനോട് ജനങ്ങളും പ്രതിപക്ഷവും സഹകരിക്കണമെന്നാണ് സൂചിപ്പിക്കുവാനുള്ളത്.

<u>ശ്രീ. എം. വിൻസെന്റ്</u>: സംസ്ഥാനത്ത് വെള്ളക്കരം മൂന്നിരട്ടിയായി വർദ്ധിപ്പിച്ചിരിക്കുകയാണ്. ജൽജീവൻ മിഷൻ നടപ്പിലാക്കുന്നതിനുമുമ്പ് ചാർജ് വർദ്ധിപ്പിച്ചിരുന്നെങ്കിൽ സ്വന്തമായി പൈപ്പ് കണക്ഷൻ എടുക്കാൻ കഴിവുള്ളവരെ മാത്രമേ ഇത് ബാധിക്കുമായിരുന്നുള്ളൂ. ഇപ്പോൾ ഏതാണ്ട് നാലിരട്ടിയിലധികം പേർക്ക് ചാർജ് വർദ്ധനവ് ബാധകമാകുന്ന ദുരവസ്ഥയാണുണ്ടാകുന്നത്. ഗാർഹിക-ഗാർഹികേതര ഉപയോക്താക്കൾക്കുൾപ്പെടെ എല്ലാ വിഭാഗത്തിനും അടിസ്ഥാന താരിഫിൽ

വർദ്ധനയുണ്ടാകും. ഉപയോഗിക്കാത്ത വെള്ളത്തിന് ചാർജ് നൽകേണ്ട സ്ഥിതിയാണ് സംജാതമായിരിക്കുന്നത്. നോൺ-പ്ലാൻ ഗ്രാന്റ് പൂർണ്ണമായും അനുവദിക്കാത്തതും വിവിധ സർക്കാർ സ്ഥാപനങ്ങൾ കുടിശ്ശികയുൾപ്പെടെ വെള്ളക്കരമൊടുക്കാത്തതും വാട്ടർ അതോറിറ്റിയിൽ സൃഷ്ടിച്ച പ്രതിസന്ധി ജനങ്ങളുടെമേൽ ചാർജ് വർദ്ധനയുടെ രൂപത്തിൽ അടിച്ചേൽപ്പിക്കപ്പെടുകയാണ്. എ.ഡി.ബി.-യെ സഹായിക്കാൻ വേണ്ടിയാണ് ചാർജ് വർദ്ധന കൊണ്ടുവന്നിട്ടുള്ളത്. വെള്ളക്കരം യൂണിറ്റിന് മൂന്നിരട്ടിയോളം വർദ്ധിപ്പിച്ച് ജനങ്ങളുടെമേൽ അമിതഭാരം കെട്ടിവയ്ക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. വെള്ളക്കരം വർദ്ധിപ്പിച്ചതുമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>): വാട്ടർ അതോറിറ്റിയുടെ നിലനിൽപ്പിനുവേണ്ടിയാണ് നാമമാത്രമായ നിരക്കിൽ വെള്ളക്കരം വർദ്ധിപ്പിച്ചിട്ടുള്ളത്. ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കുന്നതിൽ യാതൊരു വീഴ്ചയും വരുത്തിയിട്ടില്ല. ജൽജീവൻ മിഷൻ മുഖേന 53.34% വീടുകൾക്ക് കുടിവെള്ള കണക്ഷനും നാൽപ്പതിനായിരം കോടിയോളം രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതിയും നൽകിയിട്ടുണ്ട്. വിവിധ

സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നായി 1591 കോടി രൂപയുടെ കുടിശ്ശിക ലഭിക്കാനുണ്ട്. വാട്ടർ അതോറിറ്റിയുടെ ഉല്പാദനച്ചെലവും വരവും തമ്മിലുള്ള അന്തരം 11 രൂപയാണ്. സംസ്ഥാന വിഹിതം നൽകിയാൽ മാത്രമേ നബാർഡിന്റെ പുതിയ അസിസ്റ്റൻസ് ലഭ്യമാവുകയുള്ളൂ. ഉപയോഗിക്കാത്ത വെള്ളത്തിന് ചാർജ് ഈടാക്കുന്ന വിഷയം ശ്രദ്ധയിൽപ്പെടുത്തിയാൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. 30 കോടി രൂപയുടെ വരുമാന വർദ്ധനവുകൊണ്ടുമാത്രം നഷ്ടം നികത്താൻ കഴിയില്ല. ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തിക്കൊണ്ട് ജൽജീവൻ മിഷനിലൂടെ ശുദ്ധജലം ലഭ്യമാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ ഭിന്നശേഷിക്കാരായ കുട്ടികളുള്ള കുടുംബങ്ങളെയും പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെയും വെള്ളക്കരം വർദ്ധനയിൽനിന്ന് ഒഴിവാക്കുന്നതാണ്. വെള്ളക്കരം പിരിക്കുന്നതും കുടിവെള്ളം നൽകുന്നതും മറ്റ് നടപടിക്രമങ്ങൾ സ്വീകരിക്കുന്നതും വാട്ടർ അതോറിറ്റിയായിരിക്കുമെന്ന കാര്യത്തിൽ ജീവനക്കാർക്കും പൊതുജനങ്ങൾക്കും ആശങ്ക ഉണ്ടാകേണ്ട ആവശ്യമില്ല. വരുംകാല നിലനിൽപ്പിന് ഒരു ലിറ്റർ വെള്ളത്തിന് ഒരു പൈസയുടെ വർദ്ധനവ് അനിവാര്യമാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച്

ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II. ശ്രദ്ധക്ഷണിക്കൽ

### (1) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ ദുർബലപ്പെടുത്തുന്ന നയങ്ങൾ തിരുത്തൽ

ശ്രീ. എം. രാജഗോപാലൻ: ഗ്രാമീണ ജനതയുടെ സാമൂഹിക-സാമ്പത്തിക പുരോഗതിക്ക് അടിസ്ഥാനപരമായ മാറ്റം വരുത്താൻ സഹായകരമായ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വിഹിതത്തിൽ 53,000 കോടി രൂപയുടെ കുറവാണ് കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലായി കേന്ദ്ര ഗവൺമെന്റ് വരുത്തിയിട്ടുള്ളത്. ഗവൺമെന്റിന്റെ ശക്തമായ സമ്മർദ്ദത്തെ തുടർന്നാണ് 20 പ്രവൃത്തികളെന്ന നിബന്ധനയ്ക്കുപകരം 50 പ്രവൃത്തികൾവരെ നടത്താൻ സംസ്ഥാനത്തിന് മാത്രമായി അനുമതി ലഭിച്ചിട്ടുള്ളത്. തൊഴിൽ ദിനങ്ങളുടെ അഖിലേന്ത്യാ

ശരാശരി 45 ദിവസത്തിൽ നിൽക്കുമ്പോൾ സംസ്ഥാന ശരാശരി 65 ദിവസമാണ്. ആദിവാസി വിഭാഗങ്ങൾക്ക് 200 തൊഴിൽ ദിനങ്ങൾ ഉറപ്പുവരുത്തുന്നതിനായി ട്രൈബൽ പ്ലസ് പദ്ധതി ആരംഭിക്കുകയും 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ മുഴുവൻ കുടുംബങ്ങൾക്കും 1000 രൂപ വീതം ഫെസ്റ്റിവൽ അലവൻസ് അനുവദിക്കുകയും ചെയ്ത ഏക സംസ്ഥാനം കേരളമാണ്. തൊഴിലുറപ്പ് പദ്ധതിയോടുള്ള കേന്ദ്ര ഗവൺമെന്റിന്റെ അവഗണനയും തെറ്റായ സമീപനവും തിരുത്താൻ ശക്തമായ ഇടപെടൽ നടത്തുകയും കാർഷിക അനുബന്ധ മേഖലകൾക്കുകൂടി പ്രയോജനകരമാകുംവിധം പദ്ധതിയെ ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിക്കുകയും വേണം.

തദ്ദേശസ്വയംഭരണം-എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): രാജ്യത്ത് തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്ന സംസ്ഥാനം കേരളമാണെന്ന് കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാകും. കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്തെ ഒരു കുടുംബത്തിന് ലഭിച്ച ശരാശരി തൊഴിൽ ദിനങ്ങൾ ദേശീയ ശരാശരിയേക്കാൾ കൂടുതലാണെന്ന് മാത്രമല്ല, 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ അനുപാതം ദേശീയ ശരാശരിയുടെ നാലിരട്ടിയുമാണ്. ദേശീയതലത്തിൽ പട്ടികവർഗ്ഗ

കുടുംബങ്ങൾക്ക് ശരാശരി 58 തൊഴിൽ ദിനങ്ങൾ ലഭിച്ചപ്പോൾ സംസ്ഥാന തലത്തിൽ 86 തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 200 തൊഴിൽ ദിനങ്ങൾ ഉറപ്പുവരുത്തുന്ന ട്രൈബൽ പ്ലസ് പദ്ധതി സംസ്ഥാനത്ത് മാത്രമാണ് നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ 26.82 ലക്ഷം കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന തൊഴിലുറപ്പ് പദ്ധതിയെ അട്ടിമറിക്കാനുള്ള സംഘടിത ശ്രമങ്ങളാണ് കേന്ദ്ര സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ഗവൺമെന്റിന്റെ ശക്തമായ സമ്മർദ്ദത്തിന്റെ ഫലമായാണ് 20 പ്രവൃത്തികളെന്ന നിബന്ധനയിൽ സംസ്ഥാനത്തിന് മാത്രമായി 50 പ്രവൃത്തികളെന്ന ഇളവ് ലഭിച്ചത്. തൊഴിലാളികളുടെ ഹാജർ രേഖപ്പെടുത്തുന്ന മൊബൈൽ ആപ്പിന്റെയും എൻ.എം.എം.എസ്.-ലെയും സാങ്കേതിക പ്രശ്നങ്ങൾ, അവിദഗ്ധ തൊഴിലാളികളുടെ വേതനവും മെറ്റീരിയൽ കമ്പോണന്റിനും ഭരണച്ചെലവിനും തുക ലഭ്യമാക്കുന്നതിലുള്ള കാലതാമസം, വേതനം ലഭിക്കാൻ തൊഴിലാളികളുടെ ആധാർ ലിങ്ക് ചെയ്യണമെന്ന വ്യവസ്ഥ, ആവർത്തന സ്വഭാവമുള്ള ജോലികൾ ചെയ്യാൻ പാടില്ലെന്ന നിബന്ധന തുടങ്ങിയവയെല്ലാം പദ്ധതി നടത്തിപ്പിനെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ ശക്തമായ സമ്മർദ്ദത്തിന്റെ ഫലമായാണ് 2022-23 വർഷത്തെ തൊഴിൽ ദിനങ്ങൾ ആറ് കോടിയിൽ നിന്നും 8.5

കോടിയായി വർദ്ധിപ്പിച്ചത്. പ്രതികൂല സാഹചര്യങ്ങൾക്കിടയിലും 778.73 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. കാർഷിക മേഖലയിലും ഉല്പാദന മേഖലകളിലുമുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തി തൊഴിലുറപ്പ് പദ്ധതിയെ വിപുലീകരിക്കണമെന്നതാണ് ഗവൺമെന്റിന്റെ കാഴ്ചപ്പാട്.

(2) ചാലക്കുടിപ്പുഴ സംരക്ഷണം

ശ്രീ. സനീഷ്കുമാർ ജോസഫ്: ചാലക്കുടി പുഴയും തീരവും സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനുമായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ നടപടി സ്വീകരിക്കണം. ചാലക്കുടി റിവർ ഡൈവെർഷൻ സ്കീം ഫലപ്രദമായി നടപ്പാക്കുന്നതിനും വൃഷ്ടി പ്രദേശങ്ങളുടെ പരിസ്ഥിതി പുന:സ്ഥാപനം സാധ്യമാക്കി പുഴയുടെ സ്വാഭാവിക നീരൊഴുക്ക് വീണ്ടെടുക്കുന്നതോടൊപ്പം ജലഗുണനിലവാരം പഠനങ്ങൾക്ക് വിധേയമാക്കുന്നതിനും മലിനീകരണം തടയുന്നതിനും പ്രളയസാധ്യത കുറയ്ക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): ചാലക്കുടിപ്പുഴയുടെ സ്വാഭാവിക നീരൊഴുക്ക് പുന:സ്ഥാപിക്കുന്നത് പൂർണ്ണമായും സാധ്യമല്ല. നഗരവത്കരണവും കാലാവസ്ഥയിലും ഭൂവിനിയോഗത്തിലും വന്ന മാറ്റവും

നീരൊഴുക്കിനെ ബാധിച്ചിട്ടുണ്ടെങ്കിലും നദീതടത്തിലേയ്ക്കുള്ള നീർച്ചാലുകൾ വീണ്ടെടുക്കുന്ന പ്രവർത്തനവും പാരിസ്ഥിതിക പുന:സ്ഥാപന പ്രവൃത്തികളും ജലസമൃദ്ധി പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത് നടപ്പാക്കിവരികയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ ജലബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ തയ്യാറാക്കുകയും മാതൃകാ പദ്ധതിയായെടുത്തിട്ടുള്ള മുട്ടിൽ ഗ്രാമപഞ്ചായത്തിന്റെ റിപ്പോർട്ട് ലഭിച്ചശേഷം സംസ്ഥാന വ്യാപകമായി ടി പഠനം നടത്താൻ ലക്ഷ്യമിടുകയും ചെയ്തിട്ടുണ്ട്. ഗവേഷണ സ്ഥാപനങ്ങളുടെ സഹായത്തോടെ ചാലക്കുടി പുഴയുടെ വാട്ടർബാലൻസ് പഠനം നടത്തുന്നതാണ്. പ്രളയ സാധ്യത കുറയ്ക്കുന്നതിനുള്ള പഠനം നടത്തുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് ചുമതല നൽകുന്നതാണ്. അന്തർ സംസ്ഥാന നദിയാണെന്ന വസ്തുത കണക്കിലെടുത്ത് മാത്രമേ നദിയുടെ പാരിസ്ഥിതിക ഒഴുക്ക് കണ്ടെത്തുന്നതിലും നദീതട മാസ്റ്റർ പ്ലാൻ രൂപീകരിക്കുന്ന കാര്യത്തിലും മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സി.ഡബ്ല്യൂ.ആർ.ഡി.എം. പോലുള്ള സ്ഥാപനവുമായി ബന്ധപ്പെട്ട് നിർവ്വഹിക്കുന്നതിനുള്ള പ്രവർത്തനമാണ് ഏറ്റെടുത്തിട്ടുള്ളത്.

## III. സബ്മിഷൻ

### (1) പട്ടികജാതി കോളനിയിലെ ഹോമിയോ ഡിസ്പെൻസറികൾ

ഡോ. എം. കെ. മുനീർ: പട്ടികജാതി കോളനികളിലെ ഹോമിയോ ഡിസ്പെൻസറികൾ ആയുഷ് വകുപ്പ് ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പട്ടികജാതി കോളനികളിലെ ഹോമിയോ ഡിസ്പെൻസറികൾക്കുള്ള ധനസഹായം നൽകുന്നത് എസ്.സി. വകുപ്പും നടത്തിപ്പ് ചുമതല നിർവ്വഹിക്കുന്നത് ആരോഗ്യ വകുപ്പുമാണ്. ഇവ രണ്ടും ആരോഗ്യവകുപ്പിനുതന്നെ വിട്ടുകൊടുക്കണമെന്ന സബ്മിഷനിലെ ആവശ്യത്തിന്മേൽ ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്.

### (2) ചെർപ്പുളശ്ശേരി കുടിവെള്ള പദ്ധതി

ശ്രീ. പി. മമ്മിക്കുട്ടി: ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ ചെർപ്പുളശ്ശേരി കുടിവെള്ള പദ്ധതി പ്രവർത്തനങ്ങളിൽ നേരിടുന്ന തടസ്സങ്ങൾ ഒഴിവാക്കി നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ അനങ്ങനടി, തൃക്കടീരി, ചളവറ ഗ്രാമപഞ്ചായത്തുകളുടെ സമഗ്ര കുടിവെള്ള പദ്ധതിക്കുവേണ്ടി 187.81 കോടി രൂപയുടെ ഭരണാനുമതിയും ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി കുടിവെള്ള പദ്ധതിക്കായി സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 10 കോടി രൂപയുടെ ഭരണാനുമതിയും നൽകി നാലു പാക്കേജുകളിലായിട്ടാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്. അനങ്ങനടി, ചളവറ, തൃക്കടീരി പഞ്ചായത്തുകളിൽ വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. റോഡുകളുടെ ടാർ കട്ടിംഗുമായി ബന്ധപ്പെട്ട കാര്യത്തിൽ പൊതുമരാമത്ത് വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് ആവശ്യമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(3) തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

ശ്രീ. കെ. കെ. രാമചന്ദ്രൻ: പുതുക്കാട് മണ്ഡലത്തിൽ തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ തടസ്സങ്ങൾ ഒഴിവാക്കി ഒന്നാംഘട്ട നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതോടൊപ്പം രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിക്കാനുമുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): വരന്തരപ്പിള്ളി പഞ്ചായത്തിലെ തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ പ്രോജക്ടിനുവേണ്ടി പുതുക്കിയ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. നിലവിലെ സാങ്കേതികാനുമതി എസ്റ്റിമേറ്റിൽ ചില പ്രവൃത്തികൾ ഉൾപ്പെട്ടിട്ടില്ലാത്തതിനാലും അലൈൻമെന്റിൽ മാറ്റം അനിവാര്യമായതിനാലും പുതുക്കി ലഭ്യമാക്കിയ എസ്റ്റിമേറ്റ് പരിശോധിച്ചുവരികയാണ്.

(4) കോണോത്തുപുഴ പുനരുദ്ധാരണം

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): എറണാകുളം ജില്ലയിലെ കോണോത്തുപുഴയുടെ നവീകരണ പ്രവൃത്തി ആരംഭിക്കാൻ വൈകിയാൽ റേറ്റ് റിവിഷൻ വരികയും അടങ്കൽ തുക വർദ്ധിക്കുകയും ചെയ്യുമെന്നതിനാൽ എത്രയുംവേഗം ഈ പ്രവൃത്തി ആരംഭിക്കുന്നതിനായി സാങ്കേതികാനുമതി നൽകണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): എറണാകുളം ജില്ലയിലെ കോണോത്തുപുഴയുടെ പുനരുദ്ധാരണത്തിനായി 26 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നുവെങ്കിലും എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ 35 കോടി രൂപ ആവശ്യമായി വന്നതിനാൽ

ഭരണാനുമതി ലഭിച്ച തുകയ്ക്കുള്ളിൽ പൂർത്തിയാക്കാനായി നെടുങ്ങാപ്പുഴ പാലത്തിന്റെ നിർമ്മാണം ഒഴിവാക്കി രണ്ടു ഫേസുകളായി പ്രവൃത്തി നടപ്പിലാക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. നിബന്ധനകൾ പാലിച്ചുകൊണ്ട് കോണോത്തുപുഴയുടെ പുനരുദ്ധാരണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(5) പയ്യന്നൂരിലെ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ

ശ്രീ. ടി. ഐ. മധുസൂദനൻ: പയ്യന്നൂർ നിയോജകമണ്ഡലത്തിലെ 4 സ്കൂളുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായുള്ള പദ്ധതിയുടെ നിർമ്മാണപ്രവൃത്തികൾ എത്രയുംവേഗം ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): ഷേണായീസ് സ്മാരക ഗവ. എച്ച്.എസ്.എസ്., വെള്ളൂർ ഗവ.എച്ച്.എസ്.എസ്., മാത്തിൽ ഗവ.എച്ച്.എസ്.എസ്., വയക്കര ഗവ. എച്ച്.എസ്.എസ്. എന്നീ സ്കൂളുകളുടെ പ്രവൃത്തികൾക്കായി 'കില'-യിൽനിന്ന് സാങ്കേതികാനുമതി ലഭ്യമായെങ്കിലും ടെണ്ടർ നടപടികളിലേയ്ക്ക് കടക്കുന്നതിന് മുമ്പായി പ്രസ്തുത പ്രവൃത്തികളുടെ പി.ഇ.ഡി.(പ്രൊട്ടക്റ്റീവ് എക്സിക്യൂട്ടീവ് ഡോക്യുമെന്റ്) കിഫ്ബി അംഗീകരിക്കേണ്ടതുണ്ട്.

കിലയിലെയും കിഫ്ബിയിലെയും ഉദ്യോഗസ്ഥരുടെ സംയുക്തയോഗം നിയമസഭാ സമ്മേളന കാലയളവിൽ വിളിച്ചുചേർത്ത് പ്രശ്നപരിഹാരം കാണുന്നതാണ്.

(6) <u>പുതമൺ പാലം പുനർനിർമ്മാണം</u>

<u>ശ്രീ. പ്രമോദ് നാരായൺ</u>: റാന്നി-കോഴഞ്ചേരി പാതയിലെ പുതമൺ പാലം അപകടാവസ്ഥയിലായതിനാൽ പുനർനിർമ്മിക്കാനും നിലവിലെ ഗതാഗതസ്തംഭനം പരിഹരിക്കാൻ താൽക്കാലിക പാലം നിർമ്മിക്കാനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>): പുതമൺ പാലം കാലപ്പഴക്കംമൂലം അപകടാവസ്ഥയിലായതിനാൽ പാലത്തിലൂടെയുള്ള ഗതാഗതം നിരോധിച്ചിരിക്കുകയാണ്. ഇക്കാര്യത്തിൽ ചീഫ് എഞ്ചിനീയർ (പാലങ്ങൾ വിഭാഗം) സ്ഥലപരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ പാലം പുനർനിർമ്മിക്കണമെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പുനർനിർമ്മാണത്തിനായുള്ള ഭരണാനുമതി അടിയന്തരമായി നൽകി മറ്റ് പ്രവർത്തനങ്ങളിലേയ്ക്ക് കടക്കുന്നതാണ്. താൽക്കാലിക ഡൈവെർഷൻ റോഡ് നിർമ്മിക്കാനുള്ള സാധ്യത പരിശോധിച്ചുവരുന്നു.

(7) <u>സീപോർട്ട് -എയർപോർട്ട് റോഡ്</u>

<u>ശ്രീ. അൻവർ സാദത്ത്</u>: എറണാകുളം ജില്ലയിലെ സീപോർട്ട്-എയർപോർട്ട് റോഡിന്റെ എൻ.എ.ഡി.മുതൽ മഹിളാലയം വരെയുള്ള റോഡ് നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കാനും ആലുങ്കൽ കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന് ഫണ്ട് അനുവദിക്കാനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>): കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി സീപോർട്ട്-എയർപോർട്ട് റോഡ് ഫേസ് 2 പാക്കേജ് I & II, NAD മുതൽ മഹിളാലയം വരെയുള്ള നിർമ്മാണത്തിന്റെ ചുമതല RBDCK-യെ ഏൽപ്പിക്കുകയും സ്ഥലമെടുപ്പിനുൾപ്പെടെ തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനായി 11 (1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്; സ്ഥലം ലഭിച്ചാലുടൻതന്നെ ടെണ്ടർ നടപടി സ്വീകരിക്കുന്നതാണ്. ആലുങ്കൽ കടവ് പാലത്തിന്റെ നിർമ്മാണം 2017-ൽ പൂർത്തിയായെങ്കിലും സ്ഥലം ഏറ്റെടുത്ത് നൽകാത്തതുമൂലം അപ്രോച്ച് റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ സാധിച്ചില്ല; ഇപ്പോൾ ഭൂമി വിട്ടുകിട്ടിയിട്ടുണ്ട്. മറ്റ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിശോധിച്ച്

ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(8) ഇരിക്കൂർ പാലം പുനർനിർമ്മാണം

ശ്രീ. സജീവ് ജോസഫ്: അപകടാവസ്ഥയിലായ ഇരിക്കൂർ പാലം പുനർനിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ ഇരിക്കൂർ പാലത്തിന്റെ ബലപരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പാലം കാലപ്പഴക്കം ചെന്നതായതിനാൽ സമാന്തര പാലം നിർമ്മിക്കുന്നതാണ് ഉചിതമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പാലത്തിന്റെ ഇരുഭാഗങ്ങളും ബലപ്പെടുത്തുന്നതിനും സ്പാനുകളിൽ സ്ഥാപിക്കുന്നതിന് സ്റ്റീൽ ബീമുകൾ ലഭ്യമാക്കുന്നതിനുമായി ഡിസൈൻ വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കും. നിലവിൽ പാലത്തിന്റെ ഉപരിതലം റീ-ടാറിംഗ് ചെയ്യുകയും ഭാരമേറിയ വാഹനങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പുതിയ പാലം നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ആരംഭിക്കാൻ നടപടി സ്വീകരിക്കും.

(9) <u>കൊടുങ്ങല്ലൂർ താലൂക്കാശുപത്രി</u>

<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: കൊടുങ്ങല്ലൂർ താലൂക്കാശുപത്രിയിലെ സ്വിവറേജ് ട്രീറ്റ്മെന്റ് പ്ലാന്റുമായി ബന്ധപ്പെട്ട വീഴ്ച പരിശോധിക്കുന്നതിനോടൊപ്പം നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്</u>): കൊടുങ്ങല്ലൂർ താലൂക്കാശുപത്രിയിൽ സ്വിവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിന് ആരോഗ്യ വകുപ്പ് 110 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിനനുവദിച്ചെങ്കിലും പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള ആധുനിക സാങ്കേതികവിദ്യ ലഭ്യമല്ലാത്തതിനാൽ അംഗീകൃത ഏജൻസിയായ ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡിനെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പി.ഡബ്ല്യു.ഡി.-ക്ക് നൽകിയ തുക ആരോഗ്യ വകുപ്പിന്റെ ഹെഡ്ഡിലേയ്ക്ക് സറണ്ടർ ചെയ്യുന്നതിനും പുതിയ നിർവ്വഹണ ഏജൻസിക്ക് തുക കൈമാറുന്നതിനുള്ള ഡി.എച്ച്.എസ്.-ന്റെ നിർദ്ദേശവും സർക്കാർ പരിശോധിക്കുകയും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തുവെങ്കിലും തുക ഇതുവരെ ലഭിച്ചിട്ടില്ല. സർക്കാർ ഭരണാനുമതി നൽകി

തുക അനുവദിക്കുന്ന പ്രവൃത്തികൾ സാങ്കേതിക കാരണങ്ങൾ പറഞ്ഞ് നീട്ടിക്കൊണ്ടുപോകുന്ന പ്രവണത അംഗീകരിക്കാൻ കഴിയാത്തതും ഇത്തരം വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതുമാണ്. സ്വിവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം നടത്തുന്നതിന് നിലവിൽ പൊതുമരാമത്ത് വകുപ്പിന് തടസ്സമില്ലെന്നറിയിക്കുകയും പുതുക്കിയ എസ്റ്റിമേറ്റ് അടിയന്തരമായി സമർപ്പിക്കുന്നതുമാണ്. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകി നിർമ്മാണം ആരംഭിക്കുന്നതിന് നിർദ്ദേശം നൽകുന്നതാണ്.

(10) <u>സൈക്കിൾ പോളോ കായികതാരത്തിന്റെ മരണം</u>

<u>ശ്രീ. എച്ച്. സലാം</u>: സൈക്കിൾ പോളോ കായികതാരം നിദ ഫാത്തിമയുടെ മരണം സംബന്ധിച്ച് സമഗ്ര അന്വേഷണം നടത്തുന്നതിനും കുടുംബത്തിന് ധനസഹായം അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (<u>ശ്രീ. വി. അബ്ദുറഹിമാൻ</u>): നാഗ്പൂരിൽ മരണപ്പെട്ട സൈക്കിൾ പോളോ കായികതാരം നിദ ഫാത്തിമയുടെ മരണവിവരം അറിഞ്ഞയുടൻ അന്വേഷണം പൂർത്തിയാക്കി മൃതശരീരം വിട്ടുകിട്ടാനുള്ള നടപടി സ്വീകരിക്കാൻ മഹാരാഷ്ട്ര മുഖ്യമന്ത്രിക്കും കായിക വകുപ്പുമന്ത്രിക്കും സന്ദേശമയയ്ക്കുകയും

കേരള സൈക്കിൾ പോളോ അസോസിയേഷൻ സെക്രട്ടറിയോട് ഇതുസംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സംസ്ഥാന സ്പോർട്സ് കൗൺസിലിന് നിർദ്ദേശം നൽകുകയും അന്വേഷണം ത്വരിതപ്പെടുത്തി കുറ്റക്കാരെ ശിക്ഷിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര കായിക വകുപ്പുമന്ത്രിക്കും മഹാരാഷ്ട്ര മുഖ്യമന്ത്രിക്കും വീണ്ടും കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്. നിദ ഫാത്തിമയുടെ കുടുംബത്തിന് ധനസഹായം നൽകുന്ന കാര്യം മുഖ്യമന്ത്രിയുമായി ആലോചിച്ച് തീരുമാനിക്കുന്നതാണ്.

## IV. റിപ്പോർട്ട് സമർപ്പണം

മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിച്ചു.

## V. ക്രമപ്രശ്നം

<u>നയപരമായ തീരുമാനങ്ങൾ സഭയിൽ പ്രഖ്യാപിക്കൽ</u>

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സംസ്ഥാനത്ത് വെള്ളക്കരം ലിറ്ററിന് ഒരു പൈസ വർദ്ധിപ്പിച്ചതായിട്ടുള്ള നയപരമായ തീരുമാനം സഭാ സമ്മേളനം നടക്കുന്ന അവസരത്തിൽ സഭയിൽ പ്രഖ്യാപിക്കാതെ 03-02-2023-ന് സർക്കാർ ഉത്തരവിറക്കിയിരിക്കുകയാണ്. സഭയെയും സാമാജികരെയും വിശ്വാസത്തിലെടുക്കാതെ ഉത്തരവിറക്കിയ സർക്കാർ നടപടിക്കെതിരെ

റൂളിംഗുണ്ടാകണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): വെള്ളക്കരം വർദ്ധനയുമായി ബന്ധപ്പെട്ട് സർക്കാർ അടിയന്തര തീരുമാനമെടുത്തിട്ടില്ല. നടപടിക്രമങ്ങൾ കാലക്രമേണ പൂർത്തീകരിച്ചുവന്ന സമയത്ത് ഇതുസംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചു എന്നുള്ളതല്ലാതെ ഒരുകാരണവശാലും സഭയോട് അനാദരവ് കാണിച്ചിട്ടില്ല.

റൂളിംഗ്:

മി. സ്പീക്കർ: സർക്കാരിന്റെ നയപരമായ തീരുമാനങ്ങൾ സഭാ സമ്മേളന കാലയളവിൽ സഭയിൽത്തന്നെ ആദ്യം പ്രഖ്യാപിക്കുന്നതാണ് ഉത്തമമായ മാതൃകയെന്നാണ് മുൻ റൂളിംഗുകളിൽ പറയുന്നത്. സംസ്ഥാനത്ത് വെള്ളക്കര നിരക്ക് വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഔദ്യോഗിക തലത്തിലുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിച്ചത് ഭരണപരമായ നടപടിയാണെങ്കിലും സംസ്ഥാനത്തെ എല്ലാ വിഭാഗങ്ങളെയും ബാധിക്കുന്ന തീരുമാനമെന്ന നിലയിലും സഭാസമ്മേളനം നടക്കുന്ന സാഹചര്യമായിരുന്നതിനാലും ഇക്കാര്യം സഭയിൽ പ്രഖ്യാപിച്ചിരുന്നെങ്കിൽ ഉത്തമ മാതൃകയാകുമായിരുന്നു. ഇക്കാര്യം ഭാവിയിൽ ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്.

## VI. ധനകാര്യം

### 2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച (തുടർച്ച)

ശ്രീ. ഡി. കെ. മുരളി: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സമകാലിക യാഥാർത്ഥ്യങ്ങളെ മനസ്സിലാക്കുകയും പ്രതിസന്ധികളെ അഭിമുഖീകരിക്കുകയും ചെയ്യുന്ന ബഡ്ജറ്റാണിത്. സംസ്ഥാനത്തിന് അർഹതപ്പെട്ട നികുതി വിഹിതം വെട്ടിക്കുറച്ചിട്ടും പ്രതിപക്ഷം പ്രതികരിക്കാത്തത് ഖേദകരമാണ്. സാമ്പത്തിക പ്രതിസന്ധിക്കിടയിലും ക്ഷേമ പെൻഷനുകൾ യഥാസമയം വിതരണം ചെയ്യാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. ജീവിത നിലവാരം വർദ്ധിപ്പിച്ചുകൊണ്ട് വികസന/ ക്ഷേമപ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതും തൊഴിലുറപ്പ് പദ്ധതി വിഹിതത്തിൽ കേന്ദ്ര സർക്കാർ കുറവ് വരുത്തിയപ്പോൾ സംസ്ഥാന സർക്കാർ വിശദമായ ക്ഷേമ പദ്ധതി രൂപീകരിച്ചതും ശ്ലാഘനീയമാണ്. കളിയിക്കാവിള - കരമന റോഡിന്റെ കാര്യം ബഡ്ജറ്റിൽ പരാമർശിക്കാൻ തയ്യാറാകണം. വാമനപുരം നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന ഖാദി സെന്ററിന്റെ കെട്ടിട നവീകരണത്തിനുള്ള തുക വകയിരുത്തണം.

ശ്രീ. മാണി സി. കാപ്പൻ: ബഡ്ജറ്റിനെ എതിർക്കുന്നു. പ്രതിസന്ധികളെ ശക്തമായി നേരിട്ട് മുന്നേറാനുള്ള നിർദ്ദേശങ്ങളില്ലാത്ത,

വിലക്കയറ്റംമൂലം സാധാരണക്കാരന്റെ നട്ടെല്ലൊടിക്കുന്ന ബഡ്ജറ്റാണിത്. ഉയർന്ന ഇന്ധന വിലയിൽ അധിക സെസ് ഏർപ്പെടുത്തിയതും റബ്ബറിന്റെ തറവിലയും മാർക്കറ്റ് വിലയും തമ്മിൽ വ്യത്യാസം വരുന്ന തുക വിലസ്ഥിരതാ ഫണ്ടിൽനിന്ന് സമയബന്ധിതമായി നൽകാത്തതും പ്രതിഷേധാർഹമാണ്. മേച്ചാൽ - വാളകം പ്രദേശങ്ങളെ മൂന്നിലവ് ടൗണുമായി ബന്ധിപ്പിക്കുന്ന കടപുഴ പാലത്തിന്റെയും റോഡിന്റെയും പുനർനിർമ്മാണത്തിന് തുക വകയിരുത്തണം.

ശ്രീ. പി. എസ്. സുപാൽ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേന്ദ്ര ഗവൺമെന്റ് സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി അതിജീവിക്കാൻ സഹായകരമായ ബഡ്ജറ്റാണിത്. കേന്ദ്ര വിഹിതത്തിലും കടമെടുപ്പ് പരിധിയിലും കുറവ് വരുത്തിയെങ്കിലും ക്ഷേമപദ്ധതികൾക്ക് കുറവ് വരുത്താതെ വികസന പാതയിലേയ്ക്ക് സംസ്ഥാനത്തെ നയിക്കുന്നതിനുതകുന്ന ബഡ്ജറ്റ് അവതരിപ്പിച്ചത് അഭിനന്ദനാർഹമാണ്. ക്ഷേമപെൻഷൻ മുടക്കം വരുത്താതെ വീടുകളിലെത്തിച്ചതും വിശപ്പുരഹിത കേരളമെന്ന ലക്ഷ്യം മുൻനിർത്തി സുഭിക്ഷ ഹോട്ടൽ ആരംഭിച്ചതും ശ്ലാഘനീയമാണ്. അതിദാരിദ്ര്യ ലഘൂകരണം, കാരുണ്യ പദ്ധതി, ലൈഫ് പദ്ധതി, അയ്യൻകാളി തൊഴിൽദാന പദ്ധതി, ദേശീയ ഗ്രാമീണ തൊഴിലുറപ്പ്

പദ്ധതി എന്നിവയ്ക്ക് തുക വകയിരുത്തിയത് അഭിനന്ദനാർഹമാണ്. വിദ്യാഭ്യാസ - കാർഷിക മേഖലകളെ ശക്തിപ്പെടുത്തിയതും നിക്ഷേപ സൗഹൃദ സംസ്ഥാനമായി കേരളം മാറിയതും അഭിമാനാർഹമാണ്. ചെറുകിട വ്യവസായ മേഖലയിൽ ഒരു വർഷം കൊണ്ട് ഒരു ലക്ഷം സംരംഭങ്ങൾ തുടങ്ങാനാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും അവ നേരത്തെ പൂർത്തീകരിക്കാൻ സാധിച്ചതിനാൽ 6282 കോടി രൂപയുടെ നിക്ഷേപവും 220500 തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ സാധിച്ചു. വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സമഗ്രമായ ഇടപെടലാണ് സർക്കാർ നടത്തിവരുന്നത്.

<u>ശ്രീ. കെ. പി. എ. മജീദ്</u>: ബഡ്ജറ്റിനെ എതിർക്കുന്നു. പെട്രോൾ, ഡീസൽ ഉല്പന്നങ്ങൾക്കുമേൽ സെസ് ഏർപ്പെടുത്തിയതും ഭൂമിയുടെ ന്യായവിലയിൽ 20% വർദ്ധനവ് വരുത്തിയതും ദീർഘകാലമായി ഒഴിഞ്ഞുകിടക്കുന്ന വീടുകൾക്ക് പ്രത്യേക നികുതി ഏർപ്പെടുത്തിയതും വാണിജ്യ വ്യവസായ യൂണിറ്റുകളുടെ വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചതും ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള സ്കോളർഷിപ്പുകൾ വെട്ടിക്കുറച്ചതുമായ നടപടികൾ ഖേദകരമാണ്. സാധാരണക്കാരെ പ്രതികൂലമായി ബാധിക്കുന്ന നികുതി നിർദ്ദേശങ്ങളാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സർക്കാരിന്റെ ദീർഘവീക്ഷണമില്ലാത്ത തീരുമാനങ്ങളാണ് സംസ്ഥാനത്തെ

സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് നയിച്ചത്. സർക്കാർ ലക്ഷ്യം വയ്ക്കുന്ന രീതിയിൽ നികുതി പിരിച്ചെടുക്കുന്നതിന് സാധിക്കുന്നില്ല. നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപ്പാക്കിയ ആംനെസ്റ്റി സ്കീം പരാജയപ്പെട്ടു. സംസ്ഥാനത്ത് അറബിക് യൂണിവേഴ്സിറ്റി സ്ഥാപിക്കുമെന്ന പ്രകടനപത്രികയിലെ വാഗ്ദാനം നടപ്പാക്കുന്നതിനും പരപ്പനങ്ങാടിയിൽ എൽ.ബി.എസ്. കോളേജ് സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ദുർബല ജനവിഭാഗങ്ങളെ സംരക്ഷിക്കുന്ന ബഡ്ജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. സൗജന്യ വിദ്യാഭ്യാസം, ആരോഗ്യ മേഖലയിലെ സംരക്ഷണം, സാമൂഹ്യ സുരക്ഷാ പെൻഷൻ, മെഡിസെപ് തുടങ്ങി പുരോഗമനപരമായ പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. എരുമേലി മാസ്റ്റർ പ്ലാനിനും ശബരി ഗ്രീൻ ഫീൽഡ് എയർപോർട്ട് യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രാഥമിക ചെലവുകൾക്കും പണം അനുവദിച്ചതിന് നന്ദി രേഖപ്പെടുത്തുന്നു. റബറിന്റെ തറവില 170 രൂപയിൽ നിന്നും വർദ്ധിപ്പിക്കാൻ കഴിയുമോയെന്ന് പരിശോധിക്കണം. കേരള റബർ ലിമിറ്റഡിന് 20 കോടി രൂപ വകയിരുത്തിയ നടപടി സ്വാഗതാർഹമാണ്.

ശ്രീ. എൻ. കെ. അക്ബർ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേരളത്തിന്റെ ആഭ്യന്തര ഉല്പാദനത്തിൽ 12%-ഉം കാർഷിക മേഖലയിൽ 7%-ഉം വ്യവസായ മേഖലയിൽ 17.3%-ഉം വർദ്ധനവ് വരുത്താൻ കഴിഞ്ഞുവെന്നത് അഭിമാനാർഹമായ നേട്ടമാണ്. സാമൂഹിക മേഖലയെ സംബന്ധിക്കുന്ന ശാസ്ത്രീയ പഠനം നടത്താനും പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്ക് കഴിഞ്ഞ വർഷത്തേക്കാൾ അധികമായി 4 കോടി രൂപ നീക്കിവയ്ക്കാനുമുള്ള നിർദ്ദേശങ്ങൾ സ്വാഗതാർഹമാണ്. പൊതുമേഖലയെ ശക്തിപ്പെടുത്തുന്ന നടപടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. സംസ്ഥാനത്ത് 63 ലക്ഷത്തോളം ആളുകൾക്ക് സാമൂഹ്യക്ഷേമ പെൻഷൻ ലഭ്യമാക്കിയും ഭവന നിർമ്മാണത്തിന് ഉയർന്ന തുക ധനസഹായമായി നൽകിയും മത്സ്യത്തൊഴിലാളികൾക്ക് വീടും സ്ഥലവും വാങ്ങാൻ കൂടുതൽ തുക നീക്കിവച്ചും ജനക്ഷേമകരമായ പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിവരുന്നത്. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട സമർത്ഥരായ വിദ്യാർത്ഥികൾക്കും സിവിൽ സർവ്വീസ് മത്സരാർത്ഥികൾക്കും സ്കോളർഷിപ് അനുവദിക്കുകയും സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന് ഓഹരി മൂലധനമായി 13 കോടി രൂപ വകയിരുത്തുകയും ചെയ്തത് ഈ സർക്കാർ മതന്യൂനപക്ഷങ്ങളുടെ

ഉന്നമനത്തിന് നൽകുന്ന പരിഗണനയ്ക്ക് തെളിവാണ്. ദേശീയപാതാ വികസനം ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിന് സർക്കാർ നടത്തുന്ന ശ്രമങ്ങൾ ശ്ലാഘനീയമാണ്. വിഭവസമാഹരണത്തിനും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനും നടത്തുന്ന പ്രവർത്തനങ്ങളുടെ ഫലമായി കേരളത്തിന്റെ കടബാദ്ധ്യത കുറഞ്ഞുവെന്നത് ആശ്വാസകരമാണ്.

ശ്രീ. എ. പി. അനിൽ കുമാർ: ബഡ്ജറ്റിനെ എതിർക്കുന്നു. രൂക്ഷമായ തൊഴിലില്ലായ്മ, വിലക്കയറ്റം, സാമ്പത്തികമാന്ദ്യം എന്നിവ കാരണം ദുരിതമനുഭവിക്കുന്ന ജനങ്ങളെ കൂടുതൽ ദ്രോഹിക്കുന്നതാണ് ബഡ്ജറ്റിലെ നികുതി നിർദ്ദേശങ്ങൾ. വിലക്കയറ്റം തടയുന്നതിന് തുക നീക്കിവയ്ക്കുന്നതോടൊപ്പം വിലക്കയറ്റം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നത് വിരോധാഭാസമാണ്. റവന്യൂ കമ്മി ഗ്രാന്റിൽ കേന്ദ്രം കുറവ് വരുത്തിയെന്ന പ്രസ്താവന തെറ്റിദ്ധാരണാജനകമാണ്. കിഫ്ബി ലോണുകൾ ബഡ്ജറ്ററി സപ്പോർട്ടില്ലാതെ തിരിച്ചടയ്ക്കാൻ കഴിയുന്നതെങ്ങനെയെന്നത് ധനകാര്യവകുപ്പുമന്ത്രി വ്യക്തമാക്കണം. ധനകാര്യ മാനേജ്മെന്റിലെ പരാജയവും നികുതി പിരിവിലെ ദീർഘവീക്ഷണമില്ലായ്മയുമാണ് കേരളത്തെ സാമ്പത്തിക തകർച്ചയിലേയ്ക്ക്

നയിച്ചത്. മദ്യവില വർദ്ധിപ്പിക്കുന്നത് മറ്റ് ലഹരി വസ്തുക്കളുടെ ഉപഭോഗം കൂടുന്നതിന് കാരണമാകും. ആഭ്യന്തര ഉല്പാദനവും തനത് വരുമാനവും വർദ്ധിച്ച സാഹചര്യത്തിൽ നികുതി വർദ്ധിപ്പിച്ചത് ആശാസ്യകരമല്ല. നികുതി വർദ്ധനവ് പിൻവലിക്കാൻ സർക്കാർ തയ്യാറാകണം.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേന്ദ്ര ബഡ്ജറ്റ് സമസ്തമേഖലകളെയും അവഗണിച്ചിരിക്കുകയാണ്. കേരളത്തിൽ തൊഴിലുറപ്പ് തൊഴിലാളികൾക്ക് ചരിത്രത്തിലാദ്യമായി ക്ഷേമനിധി ഏർപ്പെടുത്തുകയും അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യാനുള്ള പദ്ധതി പ്രഖ്യാപിക്കുകയും ചെയ്തു. ജനങ്ങളെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാനുള്ള പദ്ധതി തയ്യാറാക്കിയതും തൊഴിലില്ലായ്മ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചതും എടുത്തുപറയേണ്ട കാര്യങ്ങളാണ്. 'ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ' എന്ന പദ്ധതി കേരളത്തിന്റെ വ്യവസായമേഖലയ്ക്ക് മുതൽക്കൂട്ടാണ്. വിജ്ഞാനാധിഷ്ഠിത സമ്പദ്‌വ്യവസ്ഥ എന്ന ലക്ഷ്യത്തിലൂന്നി പൊതുവിദ്യാഭ്യാസ-ഉന്നത വിദ്യാഭ്യാസ മേഖലകളിൽ ഭാവന സമ്പന്നതയോടുകൂടിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. വൈപ്പിൻ മണ്ഡലത്തിലെ തീരസംരക്ഷണവുമായി ബന്ധപ്പെട്ട് കടലാക്രമണ പ്രതിരോധ പദ്ധതി നടപ്പാക്കുന്നതിന് ധനകാര്യവകുപ്പുമന്ത്രി

മുൻകയ്യെടുക്കണം.

<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സമസ്തമേഖലകളിലെയും വികസനമാണ് സർക്കാരിന്റെ ബദൽ സംവിധാനം. കേന്ദ്ര സർക്കാർ പദ്ധതിവിഹിതം വെട്ടിക്കുറയ്ക്കുമ്പോഴും ക്ഷേമ പ്രവർത്തനങ്ങളിൽനിന്നും പിന്നോട്ടില്ലെന്ന് ഉറക്കെ പ്രഖ്യാപിക്കുന്ന നയങ്ങളാണ് സർക്കാർ സ്വീകരിക്കുന്നത്. അതിദരിദ്രരായി കണ്ടെത്തിയ 64006 കുടുംബങ്ങളുടെ ഉന്നമനത്തിനായി 50 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയതും ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിച്ചതും Make in Kerala പദ്ധതി പ്രഖ്യാപിച്ചതും നഗരനയം രൂപീകരിക്കുവാനുള്ള ഇടപെടൽ നടത്തിയതും സ്വാഗതാർഹമാണ്. സർക്കാർ വകുപ്പുകളും സ്ഥാപനങ്ങളും വാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കണമെന്ന ബഡ്ജറ്റ് പ്രഖ്യാപനം മാതൃകാപരമാണ്. വിദ്യാഭ്യാസം, ആരോഗ്യം, സാക്ഷരത, വയോജന സംരക്ഷണം തുടങ്ങിയ മേഖലകളിൽ കേന്ദ്ര സർക്കാരിന്റെയും വിവിധ ഏജൻസികളുടെയും പുരസ്കാരങ്ങൾ വാങ്ങാൻ കേരളത്തിന് സാധിച്ചുവെന്നത് അഭിനന്ദനാർഹമാണ്. വേങ്ങേരി കാർഷിക വിപണന കേന്ദ്രത്തെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താൻ ആവശ്യമായ നടപടി സ്വീകരിക്കണം. മാനാഞ്ചിറ-വെള്ളിമാടുകുന്ന് റോഡ് പ്രവൃത്തി,

മഞ്ചുനാഥറാവു റോഡ് വീതികൂട്ടൽ, എൻ.ജി.ഒ. ക്വാർട്ടേഴ്സിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ എന്നിവയ്ക്കാവശ്യമായ തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തണം.

ശ്രീ. ടി. ജെ. വിനോദ്: ബഡ്ജറ്റിനെ എതിർക്കുന്നു. സാമ്പത്തിക വികസനവും ക്ഷേമവുമാണ് ഏതൊരു ബഡ്ജറ്റിന്റെയും അടിസ്ഥാന ലക്ഷ്യം. നിരാശാജനകവും വഞ്ചനാപരവുമായ ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ മൂലധനച്ചെലവിലും ഉന്നതവിദ്യാഭ്യാസ രംഗത്തെ ബഡ്ജറ്റ് എക്സ്പെൻഡിച്ചറിലും കുറവ് സംഭവിച്ചിരിക്കുകയാണ്. 4040 കോടി രൂപയുടെ അധിക വിഭവ സമാഹരണത്തിനുള്ള പ്രഖ്യാപനവും വെള്ളം-വൈദ്യുതി ചാർജ്ജുകൾ വർദ്ധിപ്പിച്ചതും പെട്രോൾ, ഡീസൽ എന്നിവയ്ക്ക് അധിക സെസ്സ് ഏർപ്പെടുത്തിയതും ജനങ്ങളുടെമേൽ അധികഭാരം അടിച്ചേൽപ്പിക്കുന്നതാണ്. സർക്കാരിന്റെ അനാവശ്യച്ചെലവുകൾ വെട്ടിക്കുറയ്ക്കാനുള്ള യാതൊരു പ്രഖ്യാപനവും ബഡ്ജറ്റിലില്ല. 'ആശ്വാസ കിരണം', 'സ്നേഹപൂർവ്വം' ഉൾപ്പെടെയുള്ള വിവിധ ക്ഷേമപദ്ധതികളുടെ കുടിശ്ശിക നൽകുന്നതിനും 'ഓപ്പറേഷൻ ബ്രേക്ക് ത്രൂ' പദ്ധതിക്ക് അധിക തുക അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. കെ. വി. സുമേഷ്: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. നവകേരള

സൃഷ്ടിക്ക് കരുത്ത് പകരുന്നതും സർവ്വതല സ്പർശിയുമായ ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. കൊച്ചിയിലും തിരുവനന്തപുരത്തും ഗ്രീൻ ഹൈഡ്രജൻ ഹബ്ബുകൾ സ്ഥാപിക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. അങ്കണവാടി ജീവനക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്താനുള്ള തീരുമാനവും അതിദാരിദ്ര്യം ഇല്ലാതാക്കാൻ തുക നീക്കിവച്ചതും വിലക്കയറ്റം പിടിച്ചുനിർത്താൻ 2000 കോടി രൂപ വകയിരുത്തിയതും സർക്കാരിന്റെ സാമൂഹ്യ പ്രതിബദ്ധത വ്യക്തമാക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളെ ആധുനികവത്കരിക്കുന്നതിന് പദ്ധതിയാവിഷ്കരിച്ചതും 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതിക്ക് തുക വകയിരുത്തിയതും സർക്കാരിന്റെ പ്രതിബദ്ധത വെളിവാക്കുന്നു. അർഹതപ്പെട്ട വിഹിതം നിഷേധിച്ച് വികസനപ്രവർത്തനങ്ങളെ തടസ്സപ്പെടുത്താനും സംസ്ഥാന സർക്കാരിനെ അട്ടിമറിക്കാനുമുള്ള കേന്ദ്ര നീക്കത്തിനെതിരെ പ്രതികരിക്കാൻ തയ്യാറാകാത്ത പ്രതിപക്ഷ നിലപാട് അപലപനീയമാണ്.

<u>ശ്രീ. എം. മുകേഷ്</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. യാഥാർത്ഥ്യബോധത്തോടെയുള്ള ബഡ്ജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്. വിലക്കയറ്റം തടയാൻ 2,000 കോടി രൂപ വകയിരുത്തിയതും അതിദാരിദ്ര്യ

നിർമ്മാർജ്ജനത്തിന് 50 കോടി രൂപയുടെ ഗ്യാപ് ഫണ്ട് രൂപീകരിച്ചതും തൊഴിൽ നഷ്ടപ്പെട്ട് വിദേശരാജ്യങ്ങളിൽ നിന്നും മടങ്ങിയെത്തിയവർക്ക് നൂറ് തൊഴിൽദിനങ്ങൾ ഉറപ്പുവരുത്തിയതും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ബോട്ടുകൾ വാങ്ങാൻ പദ്ധതികൾ പ്രഖ്യാപിച്ചതും ഭവനരഹിതരായ പട്ടികജാതി വിഭാഗത്തിന്റെ പുനരധിവാസത്തിന് 45 കോടി രൂപ വകയിരുത്തിയതും സ്വാഗതാർഹമാണ്. 60 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കാൻ സാധിച്ചിട്ടുണ്ട്. കൊല്ലത്തിന്റെ വ്യാപാര വാണിജ്യ ചരിത്രം വിശദീകരിക്കുന്ന ഒരു മ്യൂസിയവും സമുദ്ര വിജ്ഞാന കേന്ദ്രവും തങ്കശ്ശേരിയിൽ സ്ഥാപിക്കുന്നതിന് 10 കോടി രൂപയും കശുവണ്ടി മേഖലയുടെ പുനരുജ്ജീവന പാക്കേജിന് 30 കോടി രൂപയും കാഷ്യൂ ബോർഡിന് 43 കോടി രൂപയും ടൂറിസം ഇടനാഴികളുടെ വികസനത്തിനായി 50 കോടി രൂപയും വകയിരുത്തിയത് സ്വാഗതാർഹമാണ്. തീരദേശ ശൃംഖല, ഹൈവേ ജലപാത-കനാൽ, ദേശീയപാത, ഹിൽ ഹൈവേ, റെയിൽവേ തുടങ്ങിയവ അടിസ്ഥാനമാക്കിയുള്ള ടൂറിസം കോറിഡോർ പദ്ധതി നവീന ആശയമാണ്. കൊല്ലം പീരങ്കി മൈതാനത്ത് കല്ലുമാല സ്ക്വയർ നിർമ്മിക്കുന്നതിന് 5 കോടി രൂപ വകയിരുത്തിയത് സാമൂഹ്യ മുന്നേറ്റ സ്മരണകൾക്ക് ആദരവ്

അർപ്പിക്കുന്നതിന്റെ തെളിവാണ്. അപ്രഖ്യാപിത അടിയന്തരാവസ്ഥയിലൂടെ സംസ്ഥാനങ്ങളുടെ അധികാരങ്ങൾ കവർന്നെടുക്കുന്ന നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: ബഡ്ജറ്റിനെ എതിർക്കുന്നു. കാസർഗോഡ് ജില്ലയെ പൂർണ്ണമായും അവഗണിച്ച ജനദ്രോഹ ബഡ്ജറ്റാണിത്. കാസർഗോഡ് മെഡിക്കൽ കോളേജിനും ടാറ്റാ ആശുപത്രിക്കുംവേണ്ടി തുക വകയിരുത്താത്തത് പ്രതിഷേധാർഹമാണ്. കാസർഗോഡ് ഡിസ്ട്രിക്ട് പാക്കേജിന് 75 കോടി രൂപ മാത്രം നീക്കിവച്ചത് ജില്ലയുടെ വികസന മുരടിപ്പിന് കാരണമാകുമെന്നതിനാൽ ഇത് പ്രത്യേകമായി പരിഗണിക്കണം. മഞ്ചേശ്വരത്ത് ഭാഷാ ന്യൂനപക്ഷങ്ങൾക്കായി പ്രഖ്യാപിച്ച തുളു, ഉറുദു അക്കാദമികൾക്ക് തുക വകയിരുത്താത്തത് അപലപനീയമാണ്. മഞ്ചേശ്വരത്ത് മിനി സിവിൽ സ്റ്റേഷൻ പ്രാവർത്തികമാക്കുന്നതിനും ഉപ്പള, പയ്യോളി എന്നിവ കേന്ദ്രീകരിച്ചുകൊണ്ട് പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനും നടപടിയുണ്ടാകണം.

<u>ഡോ. കെ. ടി. ജലീൽ</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ജനസംഖ്യാനുപാതികമായി രാജ്യത്ത് ഏറ്റവും കുറഞ്ഞ ബഡ്ജറ്റ്

വിഹിതമാണ് കേരളത്തിന് ലഭിച്ചിരിക്കുന്നത്. ജി.എസ്.ടി. നടപ്പിലാക്കിയതിലൂടെ അവശ്യസാധനങ്ങളുടെ വില വർദ്ധിക്കുകയാണുണ്ടായത്. ധനകാര്യ കമ്മീഷൻ റിപ്പോർട്ടുപ്രകാരം അർഹതപ്പെട്ട ബഡ്ജറ്റ് വിഹിതം കേന്ദ്രം നൽകാത്തതിനാൽ 24,000 കോടി രൂപയുടെ കമ്മിയാണുണ്ടായിരിക്കുന്നത്. സങ്കീർണ്ണമായ രാഷ്ട്രീയ-സാമ്പത്തിക-സാമൂഹ്യ സാഹചര്യത്തിൽ അധിക വിഭവ സമാഹരണം ലക്ഷ്യമിട്ട് അവതരിപ്പിച്ച ബഡ്ജറ്റിനെ വിമർശിക്കുന്നത് ഖേദകരമാണ്. പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ പഠനച്ചെലവിനും സാമൂഹ്യ സുരക്ഷാ പെൻഷനും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്കും സർക്കാർ ജീവനക്കാർക്ക് ശമ്പളവും പെൻഷനും വിതരണം ചെയ്യുന്നതിനും ദേശീയപാത സ്ഥലമേറ്റെടുപ്പിനുള്ള സംസ്ഥാന വിഹിതത്തിനുമാവശ്യമായ അധിക വിഭവ സമാഹരണത്തിനുവേണ്ടി നാമമാത്രമായ മേഖലകളിലാണ് അധിക നികുതിയും സെസ്സും ഏർപ്പെടുത്തിയത്. സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുന്ന കേന്ദ്രനയങ്ങളോടുള്ള പ്രതിപക്ഷ നിലപാട് അപലപനീയമാണ്.

<u>ശ്രീ. തോമസ് കെ. തോമസ്</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. പ്രതിസന്ധികൾക്കിടയിലും സർവ്വതലസ്പർശിയായ ബഡ്ജറ്റ്

അവതരിപ്പിച്ചത് അഭിനന്ദനീയമാണ്. വികസന പ്രവർത്തനങ്ങൾക്കാവശ്യമായ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനാണ് നികുതി വർദ്ധിപ്പിച്ചത്. ആലപ്പുഴ മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് ആരംഭിച്ചത് പ്രശംസനീയമാണ്.

ശ്രീ. കെ. ആൻസലൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കരമന - കളിയിക്കാവിള ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള 17 കി.മീറ്റർ റോഡിന്റെ വികസനത്തിനും നെയ്യാറ്റിൻകരയിൽ ഒരു കോർട്ട് കോംപ്ലക്സ് പണിയുന്നതിനും ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തണം.

ശ്രീ. യു. എ. ലത്തീഫ്: ബഡ്ജറ്റിനെ എതിർക്കുന്നു. സാധാരണക്കാരുടെ ജീവിതത്തെ വെല്ലുവിളിക്കുന്ന ബഡ്ജറ്റാണിത്. കേന്ദ്ര ഗവൺമെന്റ് വെട്ടിക്കുറച്ച അർഹതപ്പെട്ട പദ്ധതിവിഹിതം നേടിയെടുക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. വ്യവസായത്തിന് അനുയോജ്യമായ തൊഴിൽ സംസ്കാരം രൂപപ്പെടുത്തുന്നതിൽ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുകയാണ്. ഉത്സവസീസണുകളിലെ അമിത വിമാന യാത്രാനിരക്ക് വർദ്ധന അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം. കാർഷിക മേഖലയിലെ പ്രതിസന്ധികൾ പരിഹരിക്കാനുതകുന്ന പ്രഖ്യാപനങ്ങൾ ബഡ്ജറ്റിൽ

ഉൾപ്പെടുത്തിയിട്ടില്ല. നെല്ല്-നാളികേര സംഭരണം പൂർണ്ണപരാജയമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം വെട്ടിക്കുറയ്ക്കുകയും ലൈഫ് പദ്ധതിയിൽ കർശന മാനദണ്ഡങ്ങൾ ഉൾപ്പെടുത്തുകയും ചെയ്തിരിക്കുകയാണ്. സഹകരണ നിയമത്തിലെ പുതിയ വ്യവസ്ഥകൾ സഹകരണ തത്വങ്ങൾക്കെതിരും അധികാര കേന്ദ്രീകരണത്തിന് ഇടയാക്കുന്നതുമാണ്. മഞ്ചേരി ജനറൽ ആശുപത്രിയെ മെഡിക്കൽ കോളേജായി വികസിപ്പിക്കുന്നതിന് 50 ഏക്കർ സ്ഥലം ഏറ്റെടുക്കണം.

ശ്രീ. വാഴൂർ സോമൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. റബ്ബർ സബ്സിഡിയായി 600 കോടി രൂപയും നെൽകൃഷി വികസനത്തിന് 95.10 കോടി രൂപയും സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതിക്ക് 93.45 കോടി രൂപയും വകയിരുത്തിയതും നാളികേരത്തിന്റെ താങ്ങുവില 34 രൂപയായി ഉയർത്തിയതും അഭിനന്ദനാർഹമാണ്. തോട്ടം ഉല്പന്നങ്ങളുടെ സുരക്ഷിത ശേഖരണത്തിന് പി.പി.പി. മാതൃകയിൽ ആധുനിക വെയർഹൗസുകളും അനുബന്ധ സൗകര്യങ്ങളുമൊരുക്കാൻ രണ്ട് കോടി രൂപയും ലയങ്ങളുടെ അറ്റകുറ്റപ്പണിക്ക് 10 കോടി രൂപയും പ്ലാന്റേഷൻ തൊഴിലാളികളുടെ ദുരിതാശ്വാസ നിധി പ്രവർത്തനങ്ങൾക്കായി 1.10 കോടി രൂപയും അനുവദിച്ച നടപടിയെ സ്വാഗതം ചെയ്യുന്നു. പീരുമേട്ടിലെ ബോണാമി, കോട്ടമല,

ചീന്തലാർ, ലോൺട്രി എസ്റ്റേറ്റുകൾ തുറന്നുപ്രവർത്തിപ്പിക്കുകയും അവിടത്തെ ലയങ്ങളിലെ തൊഴിലാളികൾക്ക് തോട്ട ഭൂമിയിൽത്തന്നെ ഫ്ലാറ്റ് സമുച്ചയം നിർമ്മിക്കാനുള്ള സമഗ്ര പദ്ധതി നടപ്പിലാക്കുകയും വേണം. തേയില, കാപ്പി, ഏലം കർഷകർക്ക് ആശ്വാസ നടപടികൾ പ്രഖ്യാപിക്കണം. പതിമൂന്നിനം അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുതിലൂടെ 2022-23-ൽ 312.48 കോടി രൂപയുടെ പ്രയോജനം ജനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. മൊബൈൽ മാവേലി വാഹനങ്ങളിലൂടെ സപ്ലൈകോ വിൽപ്പനശാലകളില്ലാത്ത സ്ഥലങ്ങളിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കാനും പുതിയതും നവീകരിച്ച് ഗ്രേഡ് ചെയ്യുതുമായ 85 സപ്ലൈകോ വിൽപ്പനശാലകൾ ആരംഭിക്കാനും സാധിച്ചിട്ടുണ്ട്. വിപണി ഇടപെടലിനായി 2000 കോടി രൂപയും റോഡുകൾക്കും പാലങ്ങൾക്കുമായി 1144.22 കോടി രൂപയും വകയിരുത്താനുള്ള തീരുമാനം ശ്ലാഘനീയമാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് സംസ്ഥാന വിഹിതമായി 230.10 കോടി രൂപയും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്ക് 150 കോടി രൂപയും നീക്കിവച്ച നടപടി സ്വാഗതാർഹമാണ്. കൊക്കയാറിലെ പ്രളയത്തിൽ തകർന്ന ഏന്തയാർ പാലം പുനർനിർമ്മാണത്തിന് ഭരണാനുമതി നൽകണം. കോവളം, ആലപ്പുഴ,

കുട്ടനാട്, കുമരകം, കൊല്ലം, അഷ്ടമുടി, മൂന്നാർ എന്നീ സ്പോട്ടുകളെ ലോകോത്തര ടൂറിസം ഡെസ്റ്റിനേഷനുകളാക്കാൻ 362.15 കോടി രൂപ നീക്കിവച്ച നടപടിയെ അഭിനന്ദിക്കുന്നതിനൊപ്പം തേക്കടിയെക്കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ തയ്യാറാകണം. പ്രതിസന്ധിയിലായ തേയില ഫാക്ടറികൾക്ക് വൈദ്യുത ചാർജ്ജിൽ ഇളവ് നൽകുന്നതിനും പാചകത്തൊഴിലാളികളുടെ വേതന കുടിശ്ശിക നൽകുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. അൻവർ സാദത്ത്</u>: ബഡ്ജറ്റിനെ എതിർക്കുന്നു. ജനങ്ങളുടെമേൽ അധിക നികുതിഭാരം അടിച്ചേൽപ്പിക്കുന്ന ബഡ്ജറ്റാണിത്. തൊഴിലുറപ്പ് പദ്ധതിവിഹിതം വെട്ടിക്കുറച്ച കേന്ദ്ര സർക്കാർ നടപടി പ്രതിഷേധാർഹമാണ്. ഭൂമിയുടെ ന്യായവില വർദ്ധിപ്പിച്ചതും ഉച്ചഭക്ഷണ പദ്ധതിക്ക് മതിയായ വിഹിതം അനുവദിക്കാത്തതും അപലപനീയമാണ്. ലൈഫ് മിഷൻ പരാജയപ്പെട്ടിരിക്കുകയാണ്. ആലുവയിൽ എയർപോർട്ട്-സീപോർട്ട് റോഡ് നിർമ്മാണത്തിനും മാർക്കറ്റ് റോഡ് വികസനത്തിനും കുടിവെള്ള പദ്ധതിക്കും തുക അനുവദിക്കണം.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന് അർഹമായ സാമ്പത്തിക വിഹിതം കേന്ദ്രം

നൽകാതിരുന്നിട്ടും സാമ്പത്തിക, വ്യാവസായിക, കാർഷിക രംഗങ്ങളിൽ വളർച്ച കൈവരിക്കാൻ കഴിഞ്ഞത് അഭിമാനകരമാണ്. തൊഴിലുറപ്പ് പദ്ധതിയെ അട്ടിമറിക്കുന്നതിനാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്. ഭക്ഷ്യ സബ്സിഡിക്കും തൊഴിലുറപ്പ് പദ്ധതിക്കും ത്രിതല പഞ്ചായത്തുകളെ ശക്തിപ്പെടുത്തുന്നതിനും സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾക്കും സ്കോളർഷിപ്പ് നൽകുന്നതിനും തുക വകയിരുത്തിയ നടപടിയെ സ്വാഗതം ചെയ്യുന്നു. വ്യാവസായിക ഇടനാഴിക്ക് തുക വകയിരുത്തിയതും വിനോദസഞ്ചാര മേഖലയ്ക്ക് പുത്തനുണർവേകാൻ കഴിഞ്ഞതും എഴുപതിനായിരത്തോളം പേർക്ക് കെ-ഫോൺ സൗജന്യമായി നൽകുന്നതും പുതിയ തൊഴിലവസരങ്ങൾക്കുള്ള നിർദ്ദേശങ്ങളും ഭൂരഹിതർക്ക് ഭൂമിയും വീടില്ലാത്തവർക്ക് വീടും നൽകുന്ന പദ്ധതിയും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്പോർട്സ് കൗൺസിലുകൾ രൂപീകരിച്ചതും അഭിനന്ദനാർഹമാണ്.

(സഭ വൈകുന്നേരം 3.24-ന് പിരിഞ്ഞു.)

*****